(ഡി) ഇതിനനുസൃതമായി വിദ്യാഭ്യാസ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്താൻ എന്തൊക്കെ നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ ?

വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1 മുതൽ 5 വരെ ക്ലാസ്സുകളിൽ 1:30 ആയും 6 മുതൽ 8 വരെ ക്ലാസ്സുകളിൽ 1:35 ആയും നിശ്ചയിക്കാനാണ് ശിപാർശ ചെയ്തിട്ടുള്ളത്.

(ബി&സി) വിദ്യാഭ്യാസ നിയമം നടപ്പിലാക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് തീരുമാനിക്കാവുന്നതാണ്.

(ഡി) കേന്ദ്ര വിദ്യാഭ്യാസ നിയമം നടപ്പിലാക്കുന്ന മുറയ്ക്ക് വിദ്യാഭ്യാസ ചട്ടങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണ്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇപ്പോഴത്തെ പ്രവർത്തന നില

30(*120) ശ്രീ. പി. ജയരാജൻ :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇപ്പോഴത്തെ പ്രവർത്തനനില വിശദമാക്കുമോ ;

(ബി) മുൻകാലത്തെ അപേക്ഷിച്ച് പൊതുമേഖലാ സ്ഥാപനങ്ങൾ കൈവരിച്ച നേട്ടം വ്യക്തമാക്കുമോ ;

(സി) സമാന സ്വഭാവമുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏകീകരിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലയിൽ എത്ര തുക നിക്ഷേപം നടത്തിയെന്ന് വ്യക്തമാക്കുമോ ;

(ഇ) പൊതുമേഖലാ സ്ഥാപനങ്ങളിലെ അഴിമതി തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(എഫ്) പൊതുമേഖലാ സ്ഥാപനങ്ങളിലെ അഴിമതി ഇല്ലാതാക്കാൻ പൊതു വിജിലൻസ് സംവിധാനം നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം):

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ (2005-06 സാമ്പത്തിക വർഷം) വ്യവസായ വകുപ്പിന്റെ അധീനതയിൽ 31 പൊതുമേഖലാ സ്ഥാപനങ്ങളാണ് നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നത്. എന്നാൽ 2009-10 സാമ്പത്തിക വർഷം 5 സ്ഥാപനങ്ങൾ മാത്രമായി കുറഞ്ഞിട്ടുണ്ട്. 2005-06 സാമ്പത്തിക വർഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തം നഷ്ടം 69.45 കോടിരൂപയായിരുന്നു. എന്നാൽ 2009-10 സാമ്പത്തിക വർഷത്തെ അവലോകന റിപ്പോർട്ട് പ്രകാരം സ്ഥാപനങ്ങളുടെ മൊത്തം ലാഭം 239.75 കോടി രൂപയായി ഉയർത്തുവാൻ സാധിച്ചു. 2010-11 സാമ്പത്തിക വർഷത്തെ ഇതുവരെയുള്ള പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ ഈ വർഷം സ്ഥാപനങ്ങളുടെ വിറ്റുവരവിലും ലാഭത്തിലും മികച്ച നേട്ടമാണ് പ്രതീക്ഷിക്കുന്നത്.

(ബി) വ്യവസായ വകുപ്പിന്റെ അധീനത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള നേട്ടങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.*

(സി) 1. G.O.(Ms) No. 44/2007/ID dated 30-3-2007പ്രകാരം Kerala State Industrial Products Trading Corporation Ltd.-നെ Travancore Titanium Products Ltd.-മായി ലയിപ്പിക്കാനുള്ള തീരുമാനമായിട്ടുണ്ട്.

2. Sitaram Textiles and Trivandrum Spinning Mills എന്നീ സ്ഥാപനങ്ങളെ Kerala State Textiles Corporation Ltd.-ന്റെ യൂണിറ്റുകളാക്കി മാറ്റി.

3. Keltron Magnetics Ltd Keltron Crystals Ltd and Keltron Resistors Ltd., എന്നീ സ്ഥാപനങ്ങളെ Keltron Component Complex Ltd.-മായി ലയിപ്പിച്ചു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ നിന്നും 87.14 കോടി രൂപ നൽകിയിട്ടുണ്ട്. ആകെ ബഡ്ജറ്റിൽ നിന്നും നൽകിയ ധനസഹായത്തിന്റെ വിവരം ചുവടെ ചേർക്കുന്നു:

		Rs. in Cores
One Time Settlement With Banks/FIs	-	90.98
Settlement of balance VRS/ SSNP dues in PSUs	-	31.38
Modernisation/Revival/restructuring	-	87.14
Working capital/holding on operations	-	56.43

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ഫലപ്രദമായി നിയന്ത്രിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ അനുബന്ധം-II ആയി ചേർക്കുന്നു.*

(എഫ്) പൊതു വിജിലൻസ് സംവിധാനം ഇപ്പോൾ പരിഗണനയിലില്ല.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം

*(ക്യൂ) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം കേരളത്തിൽ അടുത്ത അദ്ധ്യയന വർഷം മുതൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതുമൂലം നിലവിലുള്ള സമ്പ്രദായത്തിൽ നിന്നും എന്തെല്ലാം മാറ്റങ്ങൾക്കാണ് ഇടയാകുന്നത് ;

(സി) അദ്ധ്യാപകരുടെ ജോലി നഷ്ടത്തിന് ഇത് വഴിവയ്ക്കുമോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നത് ;

(ഡി) കേരള സാഹചര്യത്തിൽ ഈ നിയമം നടപ്പാക്കുന്നത് സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച ലിഡാ ജേക്കബ് കമ്മിറ്റി എന്തെല്ലാം നിർദ്ദേശങ്ങളാണ് മുന്നോട്ട് വച്ചിട്ടുള്ളത് ;

(ഇ) ലിഡാ ജേക്കബ് കമ്മിറ്റി റിപ്പോർട്ടും കെ.ആർ. പരിഷ്കരിക്കുന്നതിനായി നിയോഗിച്ച സി.പി. നായർ കമ്മിറ്റിയുടെ റിപ്പോർട്ടും തമ്മിൽ എന്തെങ്കിലും വൈരുദ്ധ്യം നിലനിൽക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഇ) കേന്ദ്ര വിദ്യാഭ്യാസ അവകാശം നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പൊതു വിദ്യാഭ്യാസ സെക്രട്ടറി കോ-ഓർഡിനേറ്ററായി ഒരു സമിതിയും വിവിധ അദ്ധ്യാപക സംഘടനകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി സബ് കമ്മിറ്റിയും രൂപീകരിച്ചു. തുടർന്ന് ഇത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീമതി ലിഡാ ജേക്കബ് ഐ.എ.എസ്. (റിട്ട)-നെ കമ്മീഷനായും നിയമിച്ചു. റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് പരിശോധിച്ചു വരുന്നു. വിശദാംശങ്ങൾ, തീരുമാനം ആയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly